**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **20.11.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 6218**

# ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ കർഷകർ നൽകുന്ന പാലിന്റെ ഗുണമേന്മ അളക്കുവാനുള്ള ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ എല്ലാ സംഘങ്ങളിലും ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; | (എ) എല്ലാ ക്ഷീരസംഘങ്ങളിലും ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ട്. |
| (ബി) ഇതനുസരിച്ച് ഗുണനിലവാരം കൂടിയ പാൽ എത്തിക്കുന്ന കർഷകർക്ക് വിലയിൽ എന്തെങ്കിലും വ്യത്യാസം ലഭിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് കൊഴുപ്പിന്റേയും (fat) കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടേയും അടിസ്ഥാനത്തിലാണ് വില നൽകുന്നത്. കൊഴുപ്പിന്റേയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടേയും പാലിലുള്ള തോത് വർദ്ധിപ്പിക്കുന്നതനുസരിച്ച് പാൽവിലയിലും വർദ്ധനവ് വരുന്നു. |
| (സി) എ.എം.സി യൂണിറ്റുകൾ ഉണ്ടെങ്കിലും അതുപയോഗിച്ച് കർഷകർ നൽകുന്ന പാൽ അളക്കുകയോ അതനുസരിച്ചുള്ള വില നൽകുകയോ ചെയ്യാത്ത സംഘങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (സി) പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) ഇപ്രകാരമുള്ള പരാതികളിൽ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് അറിയിക്കാമോ; | (ഡി) പാലിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ അന്വേഷണം നടത്തുകയും ഗുണനിലവാര പരിശോധന കർശനമാക്കി പാലിന്റെ ശരിയായ സംഭരണ വില കർഷകർക്ക് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) പരാതികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) ക്ഷീരസംഘങ്ങളിലുള്ള പാൽ സംഭരണം ഗുണനിലവാര പരിശോധന നടത്തിയും, വില നൽകുന്നത് ഗുണനിലവാരം അടിസ്ഥാന-മാക്കിയുമാകണമെന്ന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഗുണനിയന്ത്രണ ആഫീസുകൾ മുഖേനയും ബ്ലോക്ക് തലത്തിലുള്ള ക്ഷീരവികസന യൂണിറ്റുകൾ മുഖേനയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**